"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

ആയുഷ് വകുപ്പ് - നാഷണൽ ആയുഷ് മിഷൻ — നാഷണൽ ആയുഷ് മിഷന്റെ കോഴിക്കോട് & വയനാട്, കോട്ടയം & ഇടുക്കി, തിരുവനന്തപുരം & കൊല്ലം, ജില്ലകളിലെ ജില്ലാ പ്രോഗ്രാം മാനേജരുടെ അന്യത്ര സേവനകാലാവധി ദീർഘിപ്പിച്ചും, കോട്ടയം&ഇടുക്കി ജില്ലയിലെ ഓഫീസറെ വിടുതൽ ചെയ്യുന്ന മുറയ്ക്ക് മറ്റൊരു ഉദ്യോഗസ്ഥനെ അന്യത്രസേവന വ്യവസ്ഥയിൽ നിയമിച്ചും, എറണാകുളം & തൃശ്ശൂർ ജില്ലയിൽ ഒരു പുതിയ ജില്ലാ പ്രോഗ്രാം മാനേജറെ അന്യത്ര സേവന വ്യവസ്ഥയിൽ നിയമിച്ചും ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആയുഷ് (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.107/2024/AYUSH   തീയതി,തിരുവനന്തപുരം, 15-03-2024

---

പരാമർശം:-

1. സ.ഉ (സാധാ) നം.75/2023/ആയുഷ് തീയതി 06/03/2023
2. സ.ഉ (സാധാ) നം.264/2023/ആയുഷ് തീയതി 21/07/2023
3. സ്റ്റേറ്റ് മിഷൻ ഡയറക്ടർ നാഷണൽ ആയുഷ് മിഷന്റെ 14/02/2024ലെ എൻ.എ.എം/336/2022-എ1/എസ്.പി.എം.എസ്.യു നമ്പർ കത്ത്.

<u>ഉത്തരവ്</u>

നാഷണൽ ആയുഷ് മിഷൻ കേരളയുടെ കോഴിക്കോട് & വയനാട് ജില്ലകളുടെ പ്രോഗ്രാം മാനേജരായി അന്യത്ര സേവന വ്യവസ്ഥയിൽ നിയമിച്ചിരുന്ന ഡോ.അനിന.പി.ത്യാഗരാജിന്റെയും , കോട്ടയം & ഇടുക്കി ജില്ലാ പ്രോഗ്രാം മാനേജരായി നിയമിച്ച ഡോ.എം.എസ് നൗഷാദിന്റെയും അന്യത്രസേവന കാലാവധി 02/11/2022 മുതൽ ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിച്ച് പരാമർശം (1) പ്രകാരവും, തിരുവനന്തപുരം & കൊല്ലം ജില്ലയുടെ പ്രോഗ്രാം മാനേജരായി അന്യത്ര സേവന വ്യവസ്ഥയിൽ നിയമിച്ചിരുന്ന ഡോ. ഷൈജു കെ.എസ് ന്റെയും അന്യത്രസേവന കാലാവധി 10/12/2022 മുതൽ ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിച്ചും പരാമർശം (2) പ്രകാരവും സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

2) മേൽ പ്രസ്താവിച്ച ജില്ലാ പ്രോഗ്രം മാനേജർമാരായ ഡോ എം.എസ് നൗഷാദ്, ഡോ. അനിന പി ത്യാഗരാജ്, ഡോ. ഷൈജു കെ.എസ് എന്നിവരുടെ അന്യത്ര സേവന കാലാവധി യാഥാക്രമം 01/11/2023,01/11/2023, 09/12/2023 എന്നീ തീയതികളിൽ അവസാനിച്ചിട്ടുള്ളതാണെന്നും, ഡോ എം.എസ് നൗഷാദിന്റെ അന്യത്ര സേവനകാലാവധി ദീർഘിപ്പിച്ച് നൽകാത്ത സാഹചര്യത്തിൽ 15/03/2024 വരെ മാത്രം ദീർഘിപ്പിച്ച് നൽകി, ടിയാനെ വിടുതൽ ചെയ്ത് ഇടുക്കി പള്ളിവാസലിലെ ഭാരതീയ ചികിത്സാ വകുപ്പിന് കീഴിലെ മെഡിക്കൽ ഓഫീസറായ ഡോ ശ്രീദർശൻ കെ.എസ് നെ പ്രസ്തുത ജില്ലകളിൽ അന്യത്ര സേവന വ്യവസ്ഥയിൽ നിയമിക്കാനും, ഡോ. ഷൈജു. കെ.എസ് ന്റെ അന്യത്ര സേവനകാലാവധി 10/12/2023 മുതൽ ഒരു വർഷത്തേക്കും ഡോ. അനിന പി ത്യാഗരാജ് ന്റെ അന്യത്ര സേവനകാലാവധി 02/11/2023 മുതൽ ഒരു വർഷത്തേക്കും കൂടി നിലവിലുള്ള ജില്ലകളിൽ തന്നെ ദീർഘിപ്പിച്ച് നൽകണമെന്നും, എറണാകുളം, തൃശ്ശൂർ ജില്ലയിൽ നിലവിൽ ഒഴിവുള്ള ജില്ലാ പ്രോഗ്രാം മാനേജരുടെ തസ്തികയിൽ ഗവൺമെന്റ് ആയുർവേദ ഡിസ്പെൻസറി ഇടക്കൊച്ചിയിലെ മെഡിക്കൽ ഓഫീസറായ ഡോ ജയകൃഷ്ണൻ കെ.വി.പിയെ നിയമിക്കണമെന്നും ശിപാർശ ചെയ്ത് നിയമിക്കപ്പെടേണ്ട എല്ലാ ഉദ്യോഗസ്ഥരുടെയും മാതൃ വകുപ്പിന്റെ നിരാക്ഷേപ പത്രം സഹിതം പരാമർശം (3) പ്രകാരം സ്റ്റേറ്റ് മിഷൻ ഡയറക്ടർ നാഷണൽ ആയുഷ് മിഷൻ സർക്കാരിനോട് അഭ്യർത്ഥിച്ചു.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ നാഷണൽ ആയുഷ്

മിഷന്റെ സുഗമമായ പ്രവർത്തനത്തിന് ജില്ലാ പ്രോഗ്രാം ഓഫീസർമാർ ആവശ്യമാണെന്നത് പരിഗണിച്ചും സ്റ്റേറ്റ് മിഷൻ ഡയറക്ടർ നാഷണൽ ആയുഷ് മിഷന്റെ ശിപാർശ പരിഗണിച്ചും നാഷണൽ ആയുഷ് മിഷന്റെ കോഴിക്കോട് & വയനാട്, കോട്ടയം & ഇടുക്കി, തിരുവനന്തപുരം & കൊല്ലം, ജില്ലകളിലെ ജില്ലാ പ്രോഗ്രാം മാനേജരുടെ അന്യത്ര സേവനകാലാവധി ദീർഘിപ്പിച്ചും, കോട്ടയം&ഇടുക്കി ജില്ലയിലെ ഓഫീസർ വിടുതൽ ചെയ്യുന്ന മുറയ്ക്ക് മറ്റൊരു ഉദ്യോഗസ്ഥനെ അന്യത്രസേവന വ്യവസ്ഥയിൽ നിയമിച്ചും, എറണാകുളം & തൃശ്ശൂർ ജില്ലയിൽ ഒരു പുതിയ ജില്ലാ പ്രോഗ്രാം മാനേജറെ അന്യത്ര സേവന വ്യവസ്ഥയിൽ നിയമിച്ചും കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ക്രമ നം. | ഉദ്യോഗസ്ഥരുടെ പേര് | നിയമിക്കുന്ന ജില്ലകൾ | കാലാവധി |
|---|---|---|---|
| അന്യത്ര സേവനം ദീർഘിപ്പിക്കുന്നത് | | | |
| 1 | ഡോ. അനിന പി ത്യാഗരാജ് | കോഴിക്കോട്& വയനാട് | 2/11/2023 മുതൽ 1/11/2024 വരെ |
| 2 | ഡോ. എം.എസ് നൗഷാദ് | കോട്ടയം & ഇടുക്കി | 02/11/2023 മുതൽ 15/03/2024 വരെ |
| 3 | ഡോ. കെ.എസ് ഷൈജു | തിരുവനന്തപുരം& കൊല്ലം | 10/12/2023 മുതൽ 9.12.2024 വരെ |
| അന്യത്ര സേവന വ്യവസ്ഥയിൽ നിയമിക്കുന്നത് | | | |
| 1 | ഡോ ജയകൃഷ്ണൻ കെ.വി.പി,സീനിയർ മെഡിക്കൽഓഫീസർ,GADഇടക്കൊച്ചി,എറണാകുളം | എറണാകുളം &തൃശ്ശൂർ | ഉത്തരവ് തീയതി മുതൽ ഒരു വർഷത്തേക്ക് |
| 2 | ഡോ ശ്രീദർശൻ കെ.എസ്,മെഡിക്കൽ ഓഫീസർ, GADപള്ളിവാസൽ, ഇടുക്കി | കോട്ടയം&ഇടുക്കി | എം.എസ് നൗഷാദിനെ വിടുതൽ ചെയ്യുന്ന തീയതി മുതൽ ഒരു വർഷത്തേക്ക് |

4) അന്യത്ര സേവന വ്യവസ്ഥയിൽ നിയമിക്കപ്പെടുന്ന ഉദ്യോഗസ്ഥരുടെ ജോലി സംബന്ധിച്ചും, ഉത്തരവാദിത്വങ്ങൾ സംബന്ധിച്ചും സ്റ്റേറ്റ് മിഷൻ ഡയറക്ടർ കൃത്യമായ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കേണ്ടതും, സ്റ്റേറ്റ് മിഷൻ ഡയറക്ടർ / ചുമതലയുള്ള ഉദ്യോഗസ്ഥൻ നാല് മാസം തികയുമ്പോൾ ജോലിയുടെ കാര്യക്ഷമത വിലയിരുത്തി മാതൃവകുപ്പിന് റിപ്പോർട്ട് സമർപ്പിക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SEEMA S
ജോയിന്റ് സെക്രട്ടറി

സ്റ്റേറ്റ് മിഷൻ ഡയറക്ടർ, നാഷണൽ ആയുഷ് മിഷൻ, കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്)/ (എ&ഇ), തിരുവനന്തപുരം.
ഡയറക്ടർ, ഭാരതീയ ചികിത്സാ വകുപ്പ്, തിരുവനന്തപുരം
ഡയറക്ടർ, ഹോമിയോപ്പതി വകുപ്പ്, തിരുവനന്തപുരം
ഡയറക്ടർ, ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ്, തിരുവനന്തപുരം
പ്രിൻസിപ്പൽ ആന്റ് കൺട്രോളിംഗ് ഓഫീസർ, ഹോമിയോപ്പതിക് മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ്
ഡോ.അനിന പി ത്യാഗരാജ്, മെഡിക്കൽ ഓഫീസർ, ഹോമിയോപ്പതി വകുപ്പ് &
ഡി.പിഎം നാഷണൽ ആയുഷ് മിഷൻ (ഡയറക്ടർ, ഹോമിയോപ്പതി വകുപ്പ് മുഖാന്തിരം)
ഡോ.എം.എസ് നൗഷാദ്,മെഡിക്കൽ ഓഫീസർ, ഭാരതീയ ചികിത്സാ വകുപ്പ് &
ഡി.പി.എം നാഷണൽ ആയുഷ് മിഷൻ (ഡയറക്ടർ,ഭാരതീയ ചികിത്സാ വകുപ്പ്/സ്റ്റേറ്റ് മിഷൻ ഡയറക്ടർ മുഖാന്തിരം)
ഡോ.കെ.എസ് ഷൈജു,മെഡിക്കൽ ഓഫീസർ, ഭാരതീയ ചികിത്സാ വകുപ്പ് &

സ.ഉ.(സാധാ) നം.107/2024/AYUSH

ഡി.പി.എം നാഷണൽ ആയുഷ് മിഷൻ (ഡയറക്ടർ,ഭാരതീയ ചികിത്സാ വകുപ്പ് മുഖാന്തിരം)
ഡോ ജയകൃഷ്ണൻ കെ.വി.പി,സീനിയർ മെഡിക്കൽ ഓഫീസർ, ഗവ. ആയുർവേദ ഡിസ്പെൻസറി, ഇടക്കൊച്ചി, എറണാകുളം (ഡയറക്ടർ,ഭാരതീയ ചികിത്സാ വകുപ്പ് മുഖാന്തിരം)
ഡോ ശ്രീദർശൻ കെ.എസ്,മെഡിക്കൽ ഓഫീസർ, ഗവ.ആയുർവേദ ഡിസ്പെൻസറി, പള്ളിവാസൽ,ഇടുക്കി (ഡയറക്ടർ,ഭാരതീയ ചികിത്സാ വകുപ്പ് മുഖാന്തിരം)
വിവര പൊതുജനസമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
ആയുഷ് (എ) വകുപ്പ് / ആയുഷ് (സി) വകുപ്പ് / ആയുഷ് (ബി3) വകുപ്പ്
ഓഫീസ് കോപ്പി / കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

Signed by
Namitha T
Date: 15-03-2024 14:53:38
സെക്ഷൻ ഓഫീസർ

പകർപ്പ് -ബഹു.ആരോഗ്യവും വനിതാശിശുവികസനവും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
ആയുഷ് വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.-യ്ക്ക്.
ആയുഷ് വകുപ്പ് ജോയിന്റ് സെക്രട്ടറിയുടെ സി.എ.-യ്ക്ക്.